● സംഭാഷണം-2



വി.പി ഇസ്മാഈൽ ഹാജി/
സ്വദ്റുദ്ദീൻ വാഴക്കാട്

# മുജാഹിദ്-ജമാഅത്ത് ബന്ധത്തിന്റെ പരിണതി

## വയനാട്ടിലെ പ്രവർത്തനങ്ങൾ

1952-ലാണ് ഞാൻ വയനാട്ടിലെത്തുന്നത്. സി.കെ മുഹമ്മദ് ഹാജി എന്നൊരാൾ പിണങ്ങോട്ടുള്ള അദ്ദേഹത്തിന്റെ എസ്റ്റേറ്റിൽ എന്നെ മാനേജരായി നിയമിച്ചു. മുജാഹിദുകാരനായിരുന്നെങ്കിലും ജമാഅത്തിനോട് വലിയ സ്നേഹമായിരുന്നു അദ്ദേഹത്തിന്, എന്നെ വലിയ വിശ്വാസവുമായിരുന്നു. എല്ലാ കാര്യങ്ങളും എന്നെയാണ് ഏൽപിച്ചിരുന്നത്. എസ്റ്റേറ്റിൽ ഒരു വർഷമാണ് ഞാൻ ജോലിചെയ്തത്. ജമാഅത്തിന്റെ കൺവീനറായി നിശ്ചയിക്കപ്പെട്ടതിനാലാണ് എസ്റ്റേറ്റിൽനിന്ന് മാറിയത്. 1953 മുതൽ '56 വരെ പിണങ്ങോട്ട് കച്ചവടം നടത്തി. '56-ൽ നാട്ടിലേക്ക് പോന്നു. മൂന്ന് വർഷം കഴിഞ്ഞ് വീണ്ടും വയനാട്ടിലേക്ക് പോയി. ഒരു മുജാഹിദ് പ്രവർത്തകൻ മുഖേന വയനാട്ടിലെത്തിയ എനിക്ക് അവിടെ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ കരുപ്പിടിപ്പിക്കാൻ കഴിഞ്ഞത് ഒരു നിയോഗമാണ്.

യാഥാസ്ഥിതികത്വം ശക്തമായ കാലമായിരുന്നു അത്. അക്കാലത്ത് ഉമർ മൗലവി വയനാട്ടിൽ പ്രസംഗിക്കാൻ വരാറുണ്ടായിരുന്നു. വയനാട്ടിലെ ഏറ്റവും വലിയ സുന്നി നേതാവായിരുന്ന കക്കോടൻ മമ്മു ഹാജിയെ നേരിടാനാണ് അദ്ദേഹത്തെ കൊണ്ടുവന്നിരുന്നത്. ദീനീസ്നേഹിയും ദാനശീലനുമായിരുന്ന മമ്മു ഹാജി പട്ടിക്കാട് ജാമിഅ നൂരിയ്യ ഉണ്ടാക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. വലിയ പണക്കാരൻ. മുടി വളർത്തുന്നതും കറുത്ത കരയുള്ള തുണിയുടുക്കുന്നതും അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല. കരയില്ലാത്ത വെള്ളത്തുണിയുടുക്കണം, തല മൊട്ടയടിക്കണം - ഇതൊക്കെ ഇസ്‌ലാമിന്റെ ചിഹ്നമാണെന്ന കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിന്.

ഞാൻ പിണങ്ങോട് എത്തിയപ്പോൾ മാഹിക്കാരനായ മമ്മു സാഹിബ് ബത്തേരിയിലുണ്ടായിരുന്നു. സജീവ ജമാഅത്ത് പ്രവർത്തകനായിരുന്നു അദ്ദേഹം. ഒരിക്കൽ മമ്മു സാഹിബ്, മാഹിയിൽ ഒരു ജമാഅത്ത് യോഗം നടക്കുന്നുണ്ടെന്നും അതിൽ പങ്കെടുക്കണമെന്നും പറഞ്ഞു. മമ്മു സാഹിബിന്റെ കൂടെ ഞാനും യോഗത്തിന് പോകാൻ തീരുമാനിച്ചു. മാഹിയിലെ മയ്യലവിയ്യ മദ്റസയിലായിരുന്നു പരിപാടി. ഹാജി സാഹിബ്, ടി.കെ അബ്ദുല്ലാ സാഹിബ്, കെ.സി അബ്ദുല്ല മൗലവി തുടങ്ങിയവരൊക്കെ ഉണ്ടായിരുന്നു. 25 പ്രവർത്തകരാണ് പങ്കെടുത്തിരുന്നത് എന്നാണെന്റെ ഓർമ. പ്രവർത്തകരുടെ ആഭ്യന്തരസ്വഭാവമുള്ള യോഗമായിരുന്നു. അറബിക് മുൻഷിമാരുടെ സ്കൂൾ നിയമനമായിരുന്നു ഒരു പ്രധാന ചർച്ചാവിഷയം. പള്ളി ദർസിൽ പഠിച്ചവരുൾപ്പെടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർക്ക് പ്രത്യേക പരീക്ഷ പാസ്സായാൽ അറബി മുൻഷിമാരായി സ്കൂളിൽ നിയമനം ലഭിക്കും. സ്കൂളുകളിൽ വ്യാപകമായി അറബി പഠനം ആരംഭിച്ച കാലമായിരുന്നു അത്. കിതാബോതാൻ പോയ മുസ്‌ലിയാക്കന്മാരൊക്കെ പരീക്ഷ എഴുതി അറബി മുൻഷിമാരായി മാറുന്നതിനോട് ഹാജി സാഹിബിന് യോജിപ്പുണ്ടായിരുന്നില്ല. അറബിക് മുൻഷി പോസ്റ്റിന് പിന്നാലെ പോയാൽ പണ്ഡിതന്മാർ ഇല്ലാതാകും, ആഴത്തിൽ വിഷയങ്ങൾ പഠിക്കുന്ന സ്വഭാവം നിലക്കും തുടങ്ങിയവയായിരുന്നു ഹാജി സാഹിബിന്റെ വാദങ്ങൾ. ടി.കെക്കും കെ.സിക്കും അതിനോട് യോജിപ്പുണ്ടായിരുന്നില്ല. സ്കൂളിൽ അധ്യാപക പോസ്റ്റ് ലഭിക്കുന്നത് പലതുകൊണ്ടും മെച്ചമാണെന്നായിരുന്നു അവരുടെ നിലപാട്. വിഷയം ചർച്ചചെയ്തു എന്നല്ലാതെ ആ യോഗത്തിൽ ഒരു തീരുമാനം ഉണ്ടായില്ല.

ഈ യോഗത്തിൽ വെച്ചാണ് വയനാട് ഫർഖ രൂപീകരിക്കപ്പെട്ടത്. 1953-'54-ലായിരുന്നു അത്. ഫർഖ നിലവിൽവന്നതോടെ ഒരു കൺവീനർ ആവശ്യമായിവന്നു. യോഗത്തിൽ വെച്ചുതന്നെ എന്റെ പേര് നിർദേശിക്കപ്പെട്ടു. അങ്ങനെ ഞാൻ വയനാട് ഫർഖയുടെ ആദ്യ കൺവീനറായി. അന്ന് തുടങ്ങിയ ജില്ലയിലെ പ്രവർത്തനങ്ങളുടെ നേതൃത്വം 2007 വരെ തുടർന്നു. ഇടക്കാലത്ത് മൂന്നു വർഷം ഞാൻ വയനാട്ടിലില്ലായിരുന്നു.

*പ്രബോധനം* പ്രതിപക്ഷപത്രം (ദ്വൈവാരിക) വരുത്തുന്ന അഞ്ചാറു പേരുണ്ടായിരുന്നു അന്ന് വയനാട്ടിന്റെ വിവിധ ഭാഗങ്ങളിൽ. അവർ ജമാഅത്തിനോട് സ്നേഹമുള്ളവരായിരുന്നു. എല്ലാ

വരും പ്രവർത്തകരായി കഴിഞ്ഞിരുന്നില്ല. അവരെയെല്ലാം പോയി കണ്ടു, പരിചയപ്പെട്ടു. പിന്നെ പുതിയ ആളുകൾക്ക് പ്രസ്ഥാനത്തെ പരിചയപ്പെടുത്താൻ നിരന്തരം യാത്രകൾ നടത്തി. വയനാടിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ പ്രസ്ഥാനത്തിന്റെ സന്ദേശവുമായി സഞ്ചരിച്ചു. കുറേ നടക്കും, കുറച്ച് ബസിൽ പോകും. എന്റെ കൈയിൽ ഒരു കറുത്ത ബാഗുണ്ടായിരുന്നു. സ്ഥിരമായി നൂറോളം പുസ്തകങ്ങളുണ്ടായിരുന്ന ആ ബാഗും ചുമന്ന് വയനാട് മുഴുവൻ ചുറ്റിക്കറങ്ങി. ആ യാത്രകളിലൂടെയാണ് ജില്ലയിൽ ജമാഅത്തിന് പ്രവർത്തകരെ ലഭിച്ചത്. മാനന്തവാടിയിൽ നൂറ് തവണയെങ്കിലും പോയിട്ടുണ്ട് ആദ്യകാലത്ത്. പള്ളികളിലും വീടുകളിലും കടകളിലും കയറും. ആളുകൾക്കെന്ത് ജമാഅത്തെ ഇസ്‌ലാമി, എന്തു പുസ്തകം! 'പിഴച്ച' പാർട്ടിയുടെ പുസ്തകങ്ങൾ ആരും വാങ്ങിയില്ല. പിന്നീട് കാര്യങ്ങളിൽ പതുക്കെ മാറ്റം വന്നു തുടങ്ങി.

## എതിർപ്പുകൾ

നിരവധി പ്രയാസങ്ങൾ തരണം ചെയ്തുകൊണ്ടാണ് പ്രസ്ഥാനം വയനാട്ടിൽ വളർന്നത്. യാഥാസ്ഥിതികരിൽനിന്നാണ് കൂടുതൽ എതിർപ്പുകൾ നേരിടേണ്ടിവന്നത്. മുതലാളിമാരും യാഥാസ്ഥിതിക പണ്ഡിതരും കൂട്ടുചേർന്ന എതിർപ്പായിരുന്നു അവിടെയും. സുന്നിപണ്ഡിതരെ കൊണ്ടുവന്ന് ജമാഅത്തിനെതിരെ പലയിടത്തും പ്രസംഗിപ്പിച്ചു. കക്കോടൻ മമ്മു ഹാജി തുടങ്ങിയവരായിരുന്നു മുമ്പിലുണ്ടായിരുന്നത്. ഇ.കെ അബൂബക്കർ മുസ്‌ലിയാർ, പതി അബ്ദുൽഖാദിർ മുസ്‌ലിയാർ, പറവണ്ണ മുഹ്‌യിദ്ദീൻകുട്ടി മുസ്‌ലിയാർ തുടങ്ങിയവർ അവിടെ പ്രസംഗിക്കാൻ വന്നിട്ടുണ്ട്. പിഴച്ച പാർട്ടിയും ബിദ്ഈ പ്രസ്ഥാനവുമെന്നാണ് പൊതുവെ എല്ലാ വിമർശകരും പറയാറുണ്ടായിരുന്നത്. ഒരിക്കൽ ഞാൻ വാരാമ്പറ്റ പള്ളിയിൽ നമസ്കരിക്കാൻ ചെന്നപ്പോൾ പുസ്തകമടങ്ങിയ എന്റെ ബാഗ് മുസ്‌ലിയാർ ഒളിപ്പിച്ചു വെച്ചു. കുറേ ചോദിച്ചപ്പോഴാണ് തന്നത്. പള്ളി മിമ്പറിലാണ് പുസ്തകങ്ങൾ ഒളിപ്പിച്ചത്! ഒരിക്കൽ ഒരു ഐ.ബി ഉദ്യോഗസ്ഥൻ എന്നോടു ചോദിച്ചു: 'ഹാജ്യാരേ, നിങ്ങളിപ്പോൾ എവിടെയാണ് കിടക്കുന്നത്?' ഞാൻ പറഞ്ഞു: 'ഇപ്പോൾ ഞാൻ കിടക്കാറോ ഉറങ്ങാറോ ഇല്ല. കിടന്നുറങ്ങാനൊന്നും ഞങ്ങൾക്ക് സമയം കിട്ടുന്നില്ല.' 'നിങ്ങളിങ്ങനെ ബാഗും കൊണ്ട് നടക്കരുത്. അത് ഞങ്ങൾക്കു പ്രയാസമാണ്' – അദ്ദേഹം പറഞ്ഞു.

മുജാഹിദുകാരുടെ ഭാഗത്തുനിന്ന് ആദ്യം കാര്യമായ എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. മുജാഹിദും ജമാഅത്തും സഹകരിച്ചാണ് തുടക്കത്തിൽ പ്രവർത്തിച്ചിരുന്നത്. മുജാഹിദ് പണ്ഡിതന്മാരും ജമാഅത്ത് പണ്ഡിതന്മാരും ഒരേ പള്ളിയിൽ ഖുത്ബ നടത്താറുണ്ടായിരുന്നു. തിരൂർക്കാട് അലവിക്കുട്ടി മൗലവി –ശരീഫ് മൗലവിയുടെ ഭാര്യാപിതാവ്– പിണങ്ങോട് പള്ളിയിൽ ഖുത്ബ നടത്തിയിരുന്നു. ജമാലുദ്ദീൻ മൗലവി, അബ്ദുല്ലത്വീഫ് മൗലവി തുടങ്ങിയ മുജാഹിദ് പണ്ഡിതരും അലവിക്കുട്ടി മൗലവി തുടങ്ങിയ ജമാഅത്ത് നേതാക്കളും ഒരേ വേദിയിൽ പ്രസംഗിച്ചിട്ടുണ്ട്. കുറേകാലം ഈ സഹകരണം തുടർന്നു. പിന്നീട് ചില പ്രശ്നങ്ങൾ തുടങ്ങി. കൂടുതൽ സജീവവും വ്യതിരിക്തവുമായ പരിപാടികൾ ജമാഅത്ത് നടത്താൻ തുടങ്ങിയപ്പോൾ ധാരാളം ആളുകൾ അതിൽ ആകൃഷ്ടരായി. യുവാക്കളെ വലിയ തോതിൽ സ്വാധീനിക്കാനും പ്രസ്ഥാനത്തിന് കഴിഞ്ഞു. മുജാഹിദ് പ്രവർത്തനശൈലിയിൽ മടുപ്പുള്ള ആളുകൾ അവർക്കിടയിൽതന്നെയുണ്ടായിരുന്നു. മുജാഹിദ് വൃത്തത്തിൽനിന്ന് കുറേയാളുകൾ ജമാഅത്തിലേക്ക് വരാൻ തുടങ്ങി. പ്രസ്ഥാനത്തിന്റെ സ്വാധീനം വർധിച്ചുവന്നു. ഇത് മുജാഹിദുകാരെ അസ്വസ്ഥരാക്കി. അതിന്റെയെല്ലാം തുടർച്ചയായാണ് ജമാഅത്തിനോട് എതിർപ്പു തുടങ്ങിയത്. പിണങ്ങോട് പള്ളിയിൽ മുജാഹിദ്-ജമാഅത്ത് പണ്ഡിതർ ഖുത്ബ നടത്തിയിരുന്നു. പള്ളിയും മദ്റസയും ഇരുവിഭാഗവും ഒരുമിച്ചാണ് നടത്തിയിരുന്നത്. പിന്നെപിന്നെ അവർ ഖുത്ബ നമുക്ക് നൽകാതിരിക്കാൻ ശ്രമിച്ചു.

മുജാഹിദ് പ്രസ്ഥാനവും ജമാഅത്തെ ഇസ്‌ലാമിയും നവോത്ഥാന സ്വഭാവം പുലർത്തുകയും ഖുറാഫാത്തുകളെ എതിർക്കുകയും ചെയ്തിരുന്നതിനാൽ ഇരു വിഭാഗങ്ങൾക്കുമിടയിൽ സ്വാഭാവികമായ ഒരു സഹകരണമനസ്സ് നിലനിന്നിരുന്നു. ഒന്നിച്ചു പ്രവർത്തിക്കണമെന്നത് ആസൂത്രിതമായ ഒരു തീരുമാനമൊന്നുമായിരുന്നില്ല. പല സ്ഥലങ്ങളിലും രണ്ടു വിഭാഗവും കുറേയൊക്കെ യോജിച്ച് പ്രവർത്തിക്കുകയാണുണ്ടായത്. അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടുമുള്ള എതിർപ്പായിരുന്നു ഒരു കാരണം. മുജാഹിദ് ധാരയിലൂടെയാണ് ഒട്ടേറെ ആളുകൾ ജമാഅത്തെ ഇസ്‌ലാമിയിലേക്ക് കടന്നുവന്നത് എന്നതാണ് മറ്റൊരു കാരണം. പള്ളികളും മദ്റസകളും ഒന്നിച്ചു നടത്തുകയും ഒരേ വേദികൾ പങ്കിട്ട് പ്രഭാഷണങ്ങൾ നടത്തുകയുമൊക്കെയുണ്ടായി. അക്കാരണം കൊണ്ട് ജമാഅത്തും മുജാഹിദും ഒന്നാണെന്ന് ആളുകൾ ധരിച്ചു. 'വഹാബി മൗദൂദികൾ' എന്നായിരുന്നു യാഥാസ്ഥിതികർ പറയാറുണ്ടായിരുന്നത്. പൊതുജനങ്ങൾക്ക് രണ്ടും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ വളരെ കാലം സാധിച്ചില്ല. ഇപ്പോഴും രണ്ടും ഒന്നുതന്നെയാണെന്ന് തെറ്റിദ്ധരിച്ചവരുണ്ട്.

മുജാഹിദും ജമാഅത്തും ഒന്നാണെന്ന ധാരണ ജമാഅത്തിന് പല പ്രയാസങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. നമ്മുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ വ്യാപകമായി സ്വാധീനം നേടുന്നതിന് അത് ഒരളവുവരെ തടസ്സമായിരുന്നുവെന്നാണ് എന്റെ വിലയിരുത്തൽ. മുജാഹിദുകാരുടെ പ്രസംഗവും എഴുത്തുമൊക്കെ അസഹിഷ്ണുതയോടെയും അന്ധവിശ്വാസക്കാരിൽ വാശി സൃഷ്ടിക്കുന്ന രീതിയിലുമായിരിക്കും പലപ്പോഴുമുണ്ടാവുക. മുജാഹിദുകാരുടെ പ്രവർത്തനങ്ങൾ ചില പ്രത്യേക വിഷയങ്ങളിൽ ഒതുങ്ങി നിൽക്കുന്നതുമായിരുന്നു. കൈകെട്ട്, കൂട്ടുപ്രാർഥന, ഖുനൂത്ത്, തറാവീഹിന്റെ റക്അത്തുകൾ, ബിസ്മി ഉറക്കെ ചൊല്ലൽ തുടങ്ങിയ ശാഖാപരമായ വിഷയങ്ങളെ അവർ അടിസ്ഥാന വിഷയങ്ങളെന്ന പോലെയാണ് അവതരിപ്പിച്ചിരുന്നത്. ഇതെല്ലാമാണ് ദീൻ, ഇവ ശരിയായാൽ ദീൻ സുരക്ഷിതമായി എന്നായിരുന്നു അവരുടെ ധാരണ. ഇന്നും ആ അവസ്ഥക്ക് വലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ല.

കോഴിക്കോട് ഇടിയങ്ങരയിലെ കുഞ്ഞോയി വൈദ്യരുടെ കടയിൽ ഞാനൊരിക്കൽ പോയി. *അൽമനാർ* മാസിക അവിടെനിന്നാണ് കിട്ടിയിരുന്നത്. അവിടെ കുറേ ആളുകൾ വരും, അവരോട് സംസാരിച്ചിരിക്കും. 'ഗുൽസാർ പെർഫ്യൂംസ്' എന്ന അത്തർ വിൽക്കുന്ന കടയുമുണ്ടായിരുന്നു. അവിടെനിന്നാണ് *പ്രബോധനം* വാങ്ങുക. *പ്രബോധനം* ബനിയന്റെ ഉള്ളിലിട്ട് ആരും കാണാതെയാണ് കൊണ്ടുവരിക. കണ്ടാൽ പിടിച്ചുവാങ്ങി ചീന്തിക്കളയും, ചിലപ്പോൾ അടിയും കിട്ടും. വീട്ടിലെത്തിയ ശേഷമേ തുറന്നുനോക്കുകയുള്ളൂ.

കുഞ്ഞോയി വൈദ്യരുടെ കടയിലെത്തിയപ്പോൾ ഏതാനും മുജാഹിദ് പ്രവർത്തകർ അവിടെയിരുന്ന് ഒരു ചർച്ച നടത്തുന്നുണ്ട്. കോഴിക്കോട്ട് നടക്കുന്ന മുജാഹിദ് സമ്മേളനത്തിലേക്ക് പ്രസംഗകരെ ക്ഷണിക്കുന്നതിനെ കുറിച്ചാണ് ചർച്ച. മലപ്പുറം നൂറടിപ്പാലത്ത് ജമാഅത്തെ ഇസ്‌ലാമി സമ്മേളനം നടക്കുന്ന സമയത്തുതന്നെയാണ് അവർ കോഴിക്കോട്ട് സമ്മേളനം നിശ്ചയിച്ചത്. ഒരു മുജാഹിദ് പ്രവർത്തകൻ പറഞ്ഞു: 'നമുക്ക്

അബുൽഹസൻ അലി നദ്‌വിയെ കൊണ്ടുവരാം.' ഉടനെ മറ്റൊരു പ്രവർത്തകൻ അതിനെ എതിർത്തു: 'നദ്‌വി നമസ്കരിക്കുമ്പോൾ കൈ നെഞ്ചിനു താഴെ കെട്ടുന്ന ആളാണ്. അദ്ദേഹത്തെ മുജാഹിദ് സമ്മേളനത്തിന് കൊണ്ടുവരാൻ പറ്റില്ല.' കുഞ്ഞോയി വൈദ്യർ മരുന്ന് എടുത്തു കൊടുക്കുകയായിരുന്നു. ഇതുകേട്ട അദ്ദേഹം ഓടിവന്ന് 'അമ്മാതിരി ചരക്കിനെയൊന്നും ഇവിടെ കൊണ്ടുവരേണ്ട' എന്ന് ഉറക്കെ പറഞ്ഞു. അലീ മിയാനെന്ന പ്രഗത്ഭ പണ്ഡിതനെക്കുറിച്ചാണ് ഇത് പറഞ്ഞതെന്നോർക്കണം. പല വിഷയങ്ങളിലും ഇങ്ങനെയായിരുന്നു അവരുടെ സമീപനം. ഈ ശൈലി മടുത്ത കുറേയാളുകൾ മുജാഹിദ് സംഘടനയിൽനിന്ന് ജമാഅത്തെ ഇസ്‌ലാമിയിലേക്ക് വരികയുണ്ടായി.

മുജാഹിദുകാരുടേത് ഒരു കേവല മതസംഘടനയാണ്. അന്ധവിശ്വാസങ്ങളെ എതിർക്കുക തുടങ്ങിയ ചില വിഷയങ്ങളിൽ പരിമിതമാണവരുടെ പ്രവർത്തനം. എന്നാൽ ജമാഅത്തെ ഇസ്‌ലാമി ഒരു സമ്പൂർണ ഇസ്‌ലാമിക പ്രസ്ഥാനമാണ്. പ്രസ്ഥാനത്തിന്റെ ശൈലിയും സമീപനവും അതുകൊണ്ടുതന്നെ വ്യത്യസ്തമാണ്. മുജാഹിദ് ശൈലിയാകട്ടെ പലപ്പോഴും ജമാഅത്തെ ഇസ്‌ലാമിക്ക് സ്വീകരിക്കാനാകാത്തതാണ്. പക്ഷേ, രണ്ടും ഒന്നാണെന്ന ധാരണ പ്രചരിച്ചതുകൊണ്ട് മുജാഹിദ് സമീപനങ്ങളെ ജമാഅത്തെ ഇസ്‌ലാമിയുടേതായി ആളുകൾ തെറ്റിദ്ധരിച്ചു. നമുക്കാകട്ടെ മുജാഹിദുകളുടെ ശൈലിയെയും മറ്റും എതിർക്കാനായില്ല. പല വിഷയങ്ങളിലും സഹകരണമുണ്ട്, ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ട്, പള്ളികളും മദ്റസകളും ഒന്നിച്ച് നടത്തുന്നുണ്ട്. അതുകൊണ്ട് ജമാഅത്ത് പ്രവർത്തകർ മൗനം പാലിക്കാറായിരുന്നു പതിവ്. അതോടെ ആളുകൾ മുജാഹിദുകളുടെ ശൈലിയെയും വിമർശനങ്ങളെയും ജമാഅത്തിന്റേതുകൂടിയായി കണ്ടു. ഇത് നമ്മുടെ വളർച്ചയെ കാര്യമായി ബാധിച്ചിരുന്നു. ഈ ധാരണ തിരുത്താനും ആളുകളുമായുള്ള അകൽച്ച കുറക്കാനുമാണ് ഞങ്ങൾ കുറേകാലം പ്രധാനമായും ശ്രമിച്ചത്.

## ആദ്യകാല പ്രവർത്തനരീതി

ജനങ്ങളുമായി നേർക്കുനേരെ ബന്ധപ്പെടുകയും ഇസ്‌ലാമിക പ്രസ്ഥാനത്തെ പരിചയപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. വീടുകളിലേക്കും കടകളിലേക്കും കയറിച്ചെല്ലും, ആളുകളോട് സംസാരിക്കും, ബന്ധം സ്ഥാപിക്കും. അവർ പുസ്തകങ്ങൾ വാങ്ങും. പ്രസ്ഥാനത്തെക്കുറിച്ച് പറയുകയായിരുന്നില്ല, അവരുമായി ബന്ധമുണ്ടാക്കുകയുമായിരുന്നു ആദ്യം. പിന്നീട് പ്രസ്ഥാനത്തെ പരിചയപ്പെടുത്തും. അവസാനം അവർ ജമാഅത്തുകാരായി മാറും. വീട്ടുകാർ നമ്മുടെ സ്വന്തക്കാരാകും. അവർ പല ആവശ്യങ്ങൾക്കും നമ്മെയാണ് സമീപിക്കുക. വിവാഹം, രോഗം, കൃഷി തുടങ്ങിയ വിഷയങ്ങളിലൊക്കെ നമ്മുടെ സഹായം തേടും. അതെല്ലാം ചെയ്തുകൊടുക്കാൻ വളരെയധികം ശ്രദ്ധിച്ചിരുന്നു. അവരുടെ വിശ്വസ്ത കൂട്ടുകാരുടെ പദവി യാണ് അവർ നമുക്ക് നൽകിയിരുന്നത്. എനിക്ക് വയനാട്ടിലുള്ളതും അതാണ്. മുസ്‌ലിംകളും അമുസ്‌ലിംകളും, സുന്നികളും മുജാഹിദുകളും എല്ലാവരുമായി എനിക്ക് സുഹൃദ്ബന്ധമുണ്ട്. എന്നെ പലരും 'ജമാഅത്ത് ഉപ്പാപ്പ' എന്നാണവിടെ വിളിക്കുക.

വനിതകൾക്കിടയിലും ഏറെ പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. അന്ധവിശ്വാസങ്ങളിൽ കഴിഞ്ഞുകൂടുന്നവരായിരുന്നു അവിടത്തെ സ്ത്രീകളിലധികവും. കൊണ്ടോട്ടി അബ്ദുർറഹ്മാൻ സാഹിബാണ് ഈ രംഗത്തെ എന്റെ പ്രധാന വഴികാട്ടി. വനിതകൾക്കിടയിലുള്ള പ്രവർത്തനങ്ങൾ അദ്ദേഹമാണെന്നെ പഠിപ്പിച്ചത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ രീതിയും മനശ്ശാസ്ത്രവും ഒന്നുവേറെത്തന്നെയായിരുന്നു. ആ രീതിയിൽ പ്രവർത്തിച്ചപ്പോൾ ആളുകളിൽനിന്ന് വലിയ പ്രതികരണമാണുണ്ടായത്. ധാരാളം സ്ത്രീകൾ ഇപ്പോൾ പ്രസ്ഥാനപ്രവർത്തകരായി അവിടെയുണ്ട്; പ്രസംഗിക്കാൻ കഴിവുള്ളവരടക്കം.

## ഓർമയിൽ ഒരു പ്രസംഗം

വിവിധ മുസ്‌ലിം വേദികൾ സഹകരിച്ചുകൊണ്ട് നബിദിനയോഗങ്ങൾ നടത്താറുണ്ടായിരുന്നു. മൗലിദും മറ്റും ഒഴിവാക്കി, നബി(സ)യുടെ ജീവിതസന്ദേശം ജനങ്ങളിലേക്കെത്തിക്കുകയായിരുന്നു പരിപാടിയുടെ സ്വഭാവം. എല്ലാ വിഭാഗക്കാരും അതിൽ പങ്കെടുക്കും. 1953-ൽ കൽപറ്റയിൽ അത്തരമൊരു യോഗം സംഘടിപ്പിച്ചു. മുസ്‌ലിം ലീഗ് നേതാവ് സി.എച്ച് മുഹമ്മദ് കോയ, ഫാറൂഖ് കോളേജിലെ പ്രഫ. എം. മുഹമ്മദ്, ടി.കെ അബ്ദുല്ലാ സാഹിബ് എന്നിവരാണ് പ്രസംഗകർ. ടി.കെ കൃത്യസമയത്ത് പരിപാടിക്കെത്തി. മറ്റു രണ്ടു പേരും വൈകി. പരിപാടി തുടങ്ങാൻ സമയമായപ്പോൾ പ്രസംഗകനായി ടി.കെ മാത്രം. കമ്മിറ്റിക്കാർ പരിപാടി തുടങ്ങി, ടി.കെയെ പ്രസംഗിക്കാൻ ക്ഷണിച്ചു. ടി.കെ പ്രസംഗം തുടങ്ങിയപ്പോൾ സി.എച്ചും മുഹമ്മദ് സാറും വന്നു. ഏകദേശം ഒന്നര മണിക്കൂർ ടി.കെ പ്രസംഗിച്ചു. ഗംഭീരമായ പ്രസംഗം. അവിടെ കൂടിയവരിൽ അധികപേരും കേട്ടിട്ടേ ഇല്ലാത്ത ചരിത്രവും ആശയങ്ങളുമാണ് ടി.കെ അവതരിപ്പിക്കുന്നത്. സി.എച്ചും മുഹമ്മദ് സാറും പ്രസംഗം കേട്ടു. തുടർന്ന് പ്രസംഗിക്കാൻ ക്ഷണിച്ചപ്പോൾ രണ്ടു പേരും 'ഞങ്ങൾക്കൊന്നും പറയാനില്ല, എല്ലാം ടി.കെ പറഞ്ഞിരിക്കുന്നു' എന്നു പറഞ്ഞ് സീറ്റിലിരുന്നു. രണ്ടാളും പ്രസംഗിച്ചില്ല. ആ പ്രസംഗത്തോടെ ടി.കെ വയനാട്ടിൽ പ്രശസ്തനായി. ഇന്നും ടി.കെക്ക് അവിടെ വലിയ അംഗീകാരമാണ്.

ജമാഅത്തിന്റെ മൂഴിക്കൽ സമ്മേളനത്തിൽ പിണങ്ങോട്ടെ സി.കെ മമ്മു ഹാജിയുടെ ബാപ്പ കുഞ്ഞുട്ടി ഹാജിയും പങ്കെടുത്തിരുന്നു. ഞാൻ കുറേ പ്രാവശ്യം ക്ഷണിച്ചിട്ടാണ് അദ്ദേഹം വന്നത്. സമ്മേളനത്തിന്റെ അവസാനദിവസം ടി.കെയുടെ പ്രസംഗം നടക്കുകയാണ്. ഞാൻ വളണ്ടിയറായിരുന്നു. പ്രസംഗം കേട്ട കുഞ്ഞുട്ടി ഹാജി എന്റെ അടുത്ത് വന്ന് ചോദിച്ചു: 'ഈ പ്രസംഗിക്കുന്ന ആൾ മലക്കോ മനുഷ്യനോ?' അങ്ങനെ ഒരു കാലമുണ്ട് ടി.കെക്ക്.

## വയനാട്ടിലെ ആദ്യകാല പ്രവർത്തകർ

വി. മമ്മു സാഹിബ്, വാഴക്കണ്ടി അബ്ദുല്ല സാഹിബ്, അഞ്ചുമ്മൽ അബ്ദുൽഖാദിർ സാഹിബ്, സൈതലവി സാഹിബ് (ബത്തേരി), എസ്.എച്ച് അബ്ദുർറഹ്മാൻ, മുറിച്ചാണ്ടി കുഞ്ഞബ്ദുല്ല, അയാർ കുഞ്ഞമ്മദ്, വെങ്ങളത്ത് അബ്ദുല്ല, കളത്തിൽ ആലിക്കുട്ടി ഹാജി, മുത്തുക്കോയ തങ്ങൾ, സി.കെ മൊയ്തു ഹാജി (പിണങ്ങോട്), സൈനുദ്ദീൻ വൈദ്യർ, എൻ.കെ കോയട്ടി (മേപ്പാടി) തുടങ്ങിയവരായിരുന്നു വയനാട്ടിലെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖർ. എസ്.എച്ച് അബ്ദുർറഹ്മാൻ സാഹിബ് പഞ്ചാബിൽനിന്ന് വന്ന ആളായിരുന്നു. ബത്തേരിയിൽ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ വലിയ പങ്കുവഹിച്ചയാളാണ് പി.സി ഫൈസൽ. വയനാട്ടിലെ പ്രമുഖ മുസ്‌ലിം ലീഗ്-മുജാഹിദ് നേതാവായ പി.സി അഹ്മദ് സാഹിബിന്റെ മകനായ അദ്ദേഹം ഫാറൂഖ് കോളേജിൽ പഠിക്കുമ്പോൾ ഐ.എസ്.എല്ലിലൂടെയാണ് പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്.

ആദർശശാലിയായ പ്രവർത്തകനായിരുന്നു പിണങ്ങോട്ടെ ഇ.വി മമ്മു സാഹിബ്. വലിയ ചരിത്രമാണ് അദ്ദേഹ

ത്തിന്റേത്. മുജാഹിദുകാരനായ ഒരു മുതലാളിയുടെ കീഴിലായിരുന്നു ജോലി. പണം കടംകൊടുക്കുന്ന ആളായിരുന്നു മുതലാളി. പണയത്തിനാണ് കൊടുക്കുക. പലിശയും വാങ്ങും. കിട്ടാത്തവരിൽനിന്ന് പിടിച്ചെടുക്കും. സാധാരണക്കാരെ വളരെയേറെ പ്രയാസപ്പെടുത്തും. ഒരിക്കൽ ഒരാൾ വന്ന് നൂറ് രൂപ കടം വാങ്ങി. 'പുറംനോട്ട്' എഴുതേണ്ടത് ജോലിക്കാരനായ മമ്മു സാഹിബാണ്. കടം കൊടുത്തതിന്റെയും തിരിച്ചടവിന്റെയും വ്യവസ്ഥയുൾക്കൊള്ളുന്ന രേഖക്കാണ് 'പുറംനോട്ട്' എന്നു പറയുക. പണയാധാരം വാങ്ങി മമ്മു സാഹിബ് പുറംനോട്ടെഴുതാൻ തുടങ്ങി. മുതലാളി പറഞ്ഞുകൊടുക്കുകയാണ്. '100-ന് 25 പലിശ.' 'പലിശ' എന്ന വാക്കു വന്നപ്പോൾ മമ്മു സാഹിബ് എഴുത്തു നിർത്തി. 'അത് നിങ്ങളെഴുതിക്കോളൂ' എന്ന് പറഞ്ഞു. 'എഴുത് മമ്മ്വേ, നീ എന്താ എഴുതില്ലാന്ന് പറഞ്ഞ്?' - മുതലാളി ചോദിച്ചു. 'ഇത് എനിക്ക് എഴുതാൻ പറ്റൂല, പലിശയുടെ കണക്ക് ഞാനെഴുതില്ല' എന്നായിരുന്നു മമ്മു സാഹിബിന്റെ മറുപടി. മുതലാളിയോടാണ് പറയുന്നത്. വളരെ ധീരമായ നിലപാടായിരുന്നു അത്. അതോടെ അദ്ദേഹം ജോലിയിൽനിന്ന് ഒഴിവായി.

സത്യസന്ധനായിരുന്നു മമ്മു സാഹിബ്. എല്ലാവർക്കും അദ്ദേഹത്തോട് വലിയ ഇഷ്ടവും ബഹുമാനവുമായിരുന്നു. അദ്ദേഹത്തെയാണ് പിണങ്ങോട് ഹൽഖയുടെ ആദ്യത്തെ നാസിമായി തെരഞ്ഞെടുത്തത്. ഇ.വി മമ്മു എന്ന് പറഞ്ഞാൽ രണ്ടുപക്ഷമില്ല. മമ്മു സാഹിബ് നാസിമായതിനാൽ ജമാഅത്തിനെ എതിർക്കാൻ ആർക്കും പഴുത് കിട്ടിയില്ല, അതിനാർക്കും ധൈര്യമുണ്ടായില്ല. ■

sadarvzkd@yahoo.com